# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 20, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## സീ പ്ലെയിൻ സർവ്വീസ് പദ്ധതി

*61 ശ്രീ. ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീ പ്ലെയിൻ സർവ്വീസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുതപദ്ധതിക്കു കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം വിനോദസഞ്ചാരകേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഏതെല്ലാം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി പ്രകാരം സർവ്വീസുകൾ നടത്തുന്നത്;

(ഇ) വിനോദസഞ്ചാരവികസനം ലക്ഷ്യമാക്കിയുള്ള പദ്ധതി ഉൾനാടൻ ഗതാഗതമേഖലയ്ക്ക് എത്രമാത്രം ഉണർവു നൽകുമെന്നാണു പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

**<u>മഴവെള്ള സംഭരണത്തിനും ഭൂജലപരിപോഷണത്തിനുമുള്ള പദ്ധതികൾ</u>**

*62 ശ്രീ. പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണത്തിനും ഭൂജലപരിപോഷണത്തിനുമായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാകുന്നതെന്നറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ശുദ്ധജലവിതരണ - ജലസേചന പദ്ധതികൾക്കായി നീക്കിവെച്ച തുക പൂർണമായും വിനിയോഗിക്കാത്ത നടപടി</u>

*63 ശ്രീ. വി. ചെന്താമരാക്ഷൻ
,, ജി. സുധാകരൻ
,, എ. പ്രദീപ്കുമാർ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതി കാലയളവ് പിന്നിടാറായിട്ടും ശുദ്ധജല വിതരണത്തിനായി അനുവദിച്ച തുകയുടെ 43.5 ശതമാനവും, ജലസേചനത്തിനായി അനുവദിച്ച തുകയുടെ 42.5 ശതമാനവും മാത്രം വിനിയോഗിക്കാനിടയായതിന്റെ സാഹചര്യം വിശദമാക്കുമോ;

(ബി) പദ്ധതി വിഹിതമായി ശുദ്ധജലവിതരണത്തിന് നീക്കിവെച്ച തുകയുടെ 37 ശതമാനവും ജലസേചനത്തിനായി നീക്കിവെച്ച തുകയുടെ 27 ശതമാനവും മാത്രം ചെലവഴിച്ചത് എന്തകൊണ്ടെന്നറിയിക്കുമോ;

(സി) 2011-12-ലെ ബജറ്റിൽ ജലസേചനത്തിനായി നീക്കിവെച്ചതിന്റെ 62 ശതമാനവും ശുദ്ധജല വിതരണത്തിനായി നീക്കിവച്ച തുകയുടെ 38 ശതമാനവും വിനിയോഗിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളെ കുറിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം</u>

*64 ശ്രീ. സി. കൃഷ്ണൻ
,, എളമരം കരീം
,, എം. ഹംസ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ കുറിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇതിനെ കുറിച്ചുള്ള സർക്കാരിന്റെ നിലപാട് അറിയിക്കാമോ;

(ബി) ഇവരുടെ തൊഴിൽ – ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്നും ഓരോന്നിനും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

'മാനസികാരോഗ്യനയം'

*65 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നല്കുമോ;

(ബി) സർക്കാർ/സർക്കാരിതര മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നല്കാമോ;

(ഡി) പ്രാകൃത ചികിത്സാമുറകൾ ഇപ്പോഴും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ തുടർന്നുവരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതില്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകളുടെ വിതരണം</u>

*66 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ക്ഷേമ പെൻഷനുകൾ എത്ര മാസങ്ങളായി കുടിശ്ശികയായിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിൽ നിന്ന്
കുടിവെള്ളം വില്പന

*67 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിൽ നിന്ന് കുടിവെള്ളം വില്പന നടത്തുന്നുണ്ടോ ; എങ്കിൽ ഒരു ടാങ്കർ ലോറി കുടിവെള്ളത്തിന് എന്തു തുകയാണ് ഈ ടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അരുവിക്കരയിലെ വാട്ടർ അതോറിറ്റി പ്ലാന്റിൽ നിന്ന് കുടിവെള്ളം വാങ്ങുന്ന സ്വകാര്യ ടാങ്കർ ലോറി ഉടമകൾ കൂടിയ വിലയ്ക്ക് കുടിവെള്ളം മറിച്ചു വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ ടാങ്കർ ലോറി ഉടമകൾ എന്ത് ആവശ്യത്തിനാണ് പ്ലാന്റിൽ നിന്ന് കുടിവെള്ളം വാങ്ങുന്നതെന്ന് അതോറിറ്റിയെ ബോദ്ധ്യപ്പെടുത്താറുണ്ടോ ;

(ഡി) സ്വകാര്യ ടാങ്കർ ഉടമകൾക്ക് വില്പന നടത്തുന്നതിനായി കുടിവെള്ളം വില്ക്കാൻ വാട്ടർ അതോറിറ്റിയിൽ വ്യവസ്ഥയുണ്ടോ ;

(ഇ) സ്വകാര്യ ടാങ്കറുകൾ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കുടിവെള്ള വിതരണം നടത്തുന്നതിന് സ്വകാര്യ ടാങ്കറുകൾക്ക് അംഗീകാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ ; എങ്കിൽ എത്ര സ്വകാര്യ ടാങ്കറുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത വ്യവസ്ഥകൾ എന്തെല്ലാമെന്നറിയിക്കുമോ ;

(ജി) അംഗീകാരമില്ലാതെയും ഗുണനിലവാരമില്ലാതെയും കുടിവെള്ളം ടാങ്കറുകളിൽ വിതരണം ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

## കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്‍

68 ശ്രീ. സാജു പോള്‍
,, പി. ശ്രീരാമകൃഷ്ണന്‍
,, എ. എം. ആരിഫ്
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളാ മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്‍ മരുന്നു വാങ്ങുമ്പോള്‍ മരുന്നു കമ്പനികള്‍ ഗുണനിലവാരം തെളിയിക്കാനായി അനലിറ്റിക്കല്‍ ലബോറട്ടറിയുടെ സര്‍ട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന നിലവിലുണ്ടോ ; ഇല്ലെങ്കില്‍ നല്‍കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാന്‍ എന്തു മാര്‍ഗ്ഗമാണ് അവലംബിച്ചിരിക്കുന്നത് ;

(ബി) കോര്‍പ്പറേഷന്‍ മരുന്നുകള്‍ ലബോറട്ടറികളില്‍ അയച്ചു പരിശോധന നടത്തിയ ശേഷമാണോ ആശുപത്രികള്‍ക്ക് വിതരണം ചെയ്യുന്നത് ;

(സി) കോര്‍പ്പറേഷന്‍ വഴി വിതരണം ചെയ്ത മരുന്നുകളില്‍ 18 ശതമാനത്തിലധികം ഗുണനിലവാരമില്ലാതായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

പട്ടികവർഗ്ഗക്ഷേമത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

*69 ശ്രീ. ആർ. രാജേഷ്
,, എ. കെ. ബാലൻ
,, സി. കെ. സദാശിവൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ലക്ഷ്യം നേടാനാകാതെ പോയതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ ഒരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ അറിയിക്കാമോ;

(സി) പദ്ധതിയേതര വിഹിതത്തിൽ പകുതിപോലും ചെലവിടാൻ കഴിയാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഗാർഹിക തൊഴിലാളികളുടെ ജീവിത നിലവാരം</u>

*70 ശ്രീ. പി.ബി.അബ്ദുൾ റസാക്
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുള്ള ഗാർഹിക തൊഴിലാളികളെ സംബന്ധിച്ച കണക്കെടുപ്പു നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) ഗാർഹിക തൊഴിലാളികളുടെ ജീവിത നിലവാരം, വേതനം,വിശ്രമം എന്നിവയെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ എന്തെല്ലാമാണ്; അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്‍</u>

*71 ശ്രീ. പി. കെ. ബഷീര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീര്‍
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്‍ രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(ബി) അവശ്യ മരുന്നുകള്‍ വിലകുറച്ച് രോഗികള്‍ക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കോര്‍പ്പറേഷന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(സി) സ്ഥിരം രോഗികള്‍ക്ക് ആവശ്യമായ മരുന്നുകള്‍ പലതും, കോര്‍പ്പറേഷന്‍ ഔട്ട്‌ലെറ്റുകളില്‍ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ അതു പരിഹരിക്കാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013–ലെ മറുപടിക്ക്

<u>മാനസിക രോഗ ചികിൽസാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട്
വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി</u>

*72 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസിക രോഗ ചികിൽസാ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ മാനസിക ആരോഗ്യ നിലവാരം പരിശോധിക്കുന്നതിന് വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) മാനസികാരോഗ്യമുള്ളവരെ സ്ഥാപിത താൽപര്യങ്ങൾക്കുവേണ്ടി മാനസിക രോഗികളെന്ന വ്യാജേന ചികിൽസാ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കാറുണ്ടെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടരെ സന്ദർശിച്ച് സാമാന്യ നീതി നിഷേധിക്കപ്പെടുകയും സ്വതന്ത്ര ജീവിതത്തിനുള്ള അവസരം നഷ്ടപ്പെടുന്ന ഇത്തരക്കാരെ കണ്ടെത്തി മോചിപ്പിക്കുന്നതിനുവേണ്ടി, സാമൂഹ്യ, നിയമ മാനസികാരോഗ്യ മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്ന പരിഹാരത്തിനായി രൂപീകരിച്ച സെൽ

*73 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി രൂപീകരിച്ച സെല്ലിന്റെ ഘടനയും അധികാരങ്ങളും അറിയിക്കുമോ;

(ബി) സെൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രത്യേക പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അതിനായി സർക്കാർ ഖജനാവിൽ നിന്ന് എന്തു തുക ചെലവഴിച്ചെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

ബാലവേല നിരോധനം

*74 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ ബാലവേലയ്ക്കായി കൊണ്ടു വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അന്യസംസ്ഥാന കുട്ടികളെ കേരളത്തിലേയ്ക്ക് കടത്താൻ ഇടയാക്കുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മലയോര മേഖലയിൽ നിന്നുള്ള പെൺകുട്ടികളെ അടിമപ്പണിയ്ക്കായി അന്യസംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പ്രവണതകൾ ഇപ്പോഴും തുടരുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ പരിശോധിക്കുകയും, പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ്</u>

*75 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. രാജു
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിച്ചെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ , എങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എത്ര;

(സി) ഇത്തരത്തിൽ ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിച്ചെടുക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതി</u>

*76 ശ്രീ. മാത്യൂ റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി 2010-ൽ പ്രഖ്യാപിച്ച ക്ഷേമ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എത്ര അന്യ സംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത്;

(സി) പ്രസ്തുത ക്ഷേമപദ്ധതിയിൽ ഇതിനകം എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) സംസ്ഥാനത്തുള്ള മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിൽ അടിക്കടിയുണ്ടാകുന്ന ശുദ്ധജല വിതരണ തടസ്സം</u>

*77 ശ്രീ. വി. ശിവൻകുട്ടി
,, എം. എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ അടിക്കടി ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടുന്നതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അവസരങ്ങളിൽ ജലവിതരണം പുനഃസ്ഥാപിക്കുന്നതിലുണ്ടായ കാലതാമസത്തിനു കാരണം ജലഅതോറിറ്റിയുടെ വീഴ്ചയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ അടിയന്തിര നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച ബദൽ സംവിധാനങ്ങൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കുമോ; ആയതിനായി എന്തു തുക ചെലവായി എന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രി നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ</u>

*78 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. വി. വിജയദാസ്
,, രാജു എബ്രഹാം
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് ഏകീകൃത രൂപം നൽകാൻ തയ്യാറാകുമോ ;

(ബി) ഇതിനായി സമഗ്ര നിയമം നിർമ്മിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ ;

(സി) നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിനായി രൂപീകരിച്ച സമിതി എന്തെങ്കിലും തീരുമാനത്തിലെത്തിയിട്ടുണ്ടോ ;

(ഡി) വിവിധ പ്രദേശങ്ങളിലെ സമരത്തെ തുടർന്ന് സർക്കാർ മധ്യസ്ഥതയിൽ ആശുപത്രി മാനേജ്മെന്റുകൾ ഏർപ്പെട്ട കരാറുകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സർക്കാരാശുപത്രികളിലെ ലാബ്, സ്കാൻ സൗകര്യങ്ങൾ</u>

79 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. കെ. നാരായണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ മെഡിക്കൽ കോളേജുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ലാബുകളുടെയും സ്കാൻ സെന്ററുകളുടെയും അപര്യാപ്തത മുതലെടുത്ത് ഡോക്ടർമാർ തങ്ങൾക്ക് താല്പര്യമുള്ള ലാബുകളിലും സ്കാൻ സെന്ററുകളിലും രോഗികളെ അയച്ച് കമ്മിഷൻ പറ്റുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

ബി സർക്കാരാശുപത്രികളിലെ ലാബ്, സ്കാൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ഉണ്ടോ ; വിശദമാക്കാമോ ;

സി നിലവാരമുള്ള ലാബുകളുമായും സ്കാൻ സെന്ററുകളുമായും കരാറിലേർപ്പെട്ട് രോഗികൾക്ക് കമ്മിഷൻ ഒഴിവാക്കി മിതമായ നിരക്കിൽ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

<u>പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ നിലവിലുള്ള സ്ഥിതി</u>

*80 ശ്രീ. എം. ചന്ദ്രൻ
,, എ. കെ. ബാലൻ
,, എം. ഹംസ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഫെബ്രുവരിയിൽ നിയമസഭ പാസ്സാക്കിയ 2011–ലെ പ്ലാച്ചിമട ട്രിബ്യൂണൽ കൊക്കോകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ബില്ലിന്റെ നിലവിലുള്ള സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബില്ലിന് കേന്ദ്രാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ രേഖകൾ ലഭ്യമാക്കുമോ;

(സി) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ ആയതിന് നൽകിയ മറുപടി എന്തായിരുന്നു; ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടിയെടുക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനുള്ള പഠനം</u>

*81 ശ്രീ. എസ്. രാജേന്ദ്രൻ
,, എം.എ. ബേബി
,, കെ.കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനുള്ള പഠനം അട്ടിമറിക്കാൻ തമിഴ്നാട് നീക്കം നടത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ അണക്കെട്ടിനുള്ള പരിസ്ഥിതി ആഘാതപഠനത്തിനായി കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതു ത്വരിതപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) ആയതിനായി സംസ്ഥാനം കേന്ദ്രത്തിന് നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത അണക്കെട്ടിനായി സംസ്ഥാന വന്യജീവി ബോർഡിന്റെ അനുമതി എന്നാണ് ലഭിച്ചത്; അനുമതി വൈകാനുള്ള കാരണം അറിയിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ</u>

*82 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ആരംഭിക്കുന്നതുൾപ്പെടെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും രണ്ട് വീതം സ്പെഷ്യാലിറ്റി സംവിധാനവും റിസർച്ചിന് ആവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ, വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ പാചക തൊഴിലാളികൾ</u>

*83 ശ്രീ. സി.കെ. സദാശിവൻ
,, പി.റ്റി.എ. റഹീം
,, സാജു പോൾ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരുന്നൂറ്റിയമ്പതു വിദ്യാർത്ഥികൾക്ക് ഒരാൾ എന്ന നിലയിൽ പാചകക്കാരെ നിയമിക്കാൻ നടപടി എടുക്കുമോ;

(സി) ഇവർക്ക് ന്യായമായ വേതനം നൽകാനും ക്ഷേമനിധി രൂപീകരിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013–ലെ മറുപടിക്ക്

<u>സേഫ് തിരുവനന്തപുരം പദ്ധതി</u>

*84 ശ്രീ. ബി. സത്യൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേഫ് തിരുവനന്തപുരം പദ്ധതിയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് സെക്രട്ടറിക്കു നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ജില്ലയിൽ എത്ര വ്യാജ ഡോക്ടർമാർ പ്രാക്ടീസ് ചെയ്തു വന്നതായാണ് കണ്ടെത്തിയത്; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) സമാനമായ പരിശോധനകൾ സംസ്ഥാനത്തൊട്ടാകെ നടത്തിയിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

<u>നവജാതശിശുക്കൾക്ക് ജനിതക രോഗ സ്കാനിംഗ്</u>

*85 ശ്രീ. വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നവജാതശിശുക്കൾക്ക് ജനിതക രോഗ സ്കാനിംഗ് നടത്താൻ തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിൽ നവജാത ശിശുക്കളിൽ ജന്മനാ ഉണ്ടാകുന്ന രോഗങ്ങൾ കണ്ടുപിടിക്കുവാനും അവയ്ക്ക് പരിഹാരം കാണുവാനും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഏതൊക്കെ ആശുപത്രികളിലാണ് ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ഡോക്ടർമാരുടെ സമരം</u>

*86 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു
'' കെ.വി. അബ്ദുൾ ഖാദർ
'' എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പലതവണ സർക്കാർ ഡോക്ടർമാർ സമരം ചെയ്യേണ്ടിവന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2013 മാർച്ച് 1-ാം തീയതി മുതൽ പണിമുടക്കിയ ഡോക്ടർമാർ ഉന്നയിച്ച ആവശ്യം എന്തായിരുന്നു;

(സി) സമരം ഒത്തുതീർപ്പാക്കാൻ എന്തൊക്കെ വ്യവസ്ഥകളാണ് സർക്കാർ അംഗീകരിച്ചത്;

(ഡി) സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; സർക്കാർ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ ഫാർമസികൾ</u>

*87 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ഇ. പി. ജയരാജൻ
,, പി.റ്റി.എ. റഹീം
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ഫാർമസികളുടെ പ്രവർത്തനം നിരീക്ഷിക്കാറുണ്ടോ;

(ബി) ഇവ ആശുപത്രികളുടെ അമിതലാഭം വർദ്ധിപ്പിക്കാനുള്ള ഒരു ഉപാധിയാണെന്നു മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഡ്രഗ് ഇൻസ്പെക്ടർമാർ ഇവിടങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച്, വില്ക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്താറുണ്ടോ;

(ഡി) രോഗികൾക്ക് പ്രത്യേകിച്ച് കിടത്തി ചികിത്സ നൽകുന്നവർക്ക് അമിത വിലയ്ക്കാണു മരുന്നു വില്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

<u>ഡാം റിഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>

*88 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡാം റിഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട് അനുസരിച്ച് കേരളത്തിലെ ജല സംഭരണികളുടെ നവീകരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജല സംഭരണികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) എത്ര കാലയളവിനുള്ളിൽ പ്രസ്തുത ഡാമുകളുടെ നവീകരണം പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 20.03.2013–ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ</u>

*89 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളെ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

**ശുദ്ധജലവിതരണ പൈപ്പുകൾ പൊട്ടുന്നത് ഒഴിവാക്കാൻ നടപടി**

*90 ശ്രീ. എസ്. ശർമ്മ
ഡോ. തോമസ് ഐസക്
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നതും അതുവഴി ജലം പാഴാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും അടിക്കടി ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടുന്നത് പരിഹരിക്കുന്നതിനായി ഡി.ഐ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; ആയതിനായി എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് എന്നത്തേക്ക് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനാവുമെന്ന് അറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 മാർച്ച് 11.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.[ചട്ടം 47(1)].